കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് നഗരസഭ - കൽവാക്കുളം വിശദ നഗരാസൂത്രണ പദ്ധതി - റോഡ് വികസനം - വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 1.915 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3962/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 11, 2008.

പരാമർശം:
1. പാലക്കാട് നഗരസഭാ കൗൺസിലിന്റെ 17-01-2008-ലെ 2297-ാം നമ്പർ തീരുമാനം.
2. പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 26-04-2008-ലെ PW 6-644/05-06 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 17-10-2008-ലെ ജി.3-8052/08 നമ്പർ കത്ത്.

ഉത്തരവ്

09-03-1988-ലെ സ.ഉ.(എം.എസ്) നമ്പർ 33/88/ത.സ്വ.ഭ.വ. പ്രകാരം അംഗീകരിക്കപ്പെട്ട കൽവാക്കുളം വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും പാലക്കാട് നഗരസഭ സർവ്വെ വാർഡ് നമ്പർ 2, ബ്ലോക്ക് 70, സർവ്വെ നമ്പർ 3004. 3005, 3006, 3032, 3033, 3007 എന്നിവയിൽപ്പെട്ട കൽമണ്ഡപത്തു നിന്നും തുടങ്ങുന്ന 12 മീറ്റർ വീതിയിലും ഏകദേശം 500 മീറ്റർ നീളത്തിലും 20 മീറ്റർ റോഡിന്റെ മദ്ധ്യഭാഗത്ത് അവസാനിക്കുന്നതുമായ റോഡും സർവ്വെ വാർഡ് 2, ബ്ലോക്ക് 70, 72 സർവ്വെ നമ്പർ 3006, 3054/2, 3066, 3067-ൽ ചെട്ടിത്തെരുവിൽ നിന്നും തുടങ്ങുന്ന ഏകദേശം 250 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിലുമുള്ള റോഡും നിർമ്മിക്കുന്നതിനായി ടി സർവ്വെ നമ്പരുകളിൽപ്പെട്ട ഏകദേശം 1.915 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് പാലക്കാട് നഗരസഭ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. പ്രസ്തുത അക്വിസിഷനായി 8.20 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി സ്ഥലം മേൽ ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് നഗരസഭ

(മറുപുറം)

യുടെ പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ റോഡ് വികസനത്തിനായി മുൻ ഖണ്ഡികയിൽ പ്രസ്താവിച്ച ഏകദേശം 1.915 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ പാലക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.കെ.രാജപ്പൻ,**
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, പാലക്കാട് നഗരസഭ, പാലക്കാട്.

ജില്ലാ കളക്ടർ, പാലക്കാട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.